DESPATCHED
On. 6/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 284(2)/2020/**എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **2564**/എസ്.ഐ.സി-ജി 6/20)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.സി.കെ.രവീന്ദ്രൻ,
ചരുവിൽ വീട്, നാലാം മൈൽ,
കൂവപ്പള്ളി പി.ഒ.,കോട്ടയം,
പിൻ – 686 518.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഫിനാൻസ്&അക്കൗണ്ട്സ് ഓഫീസർ, കില,
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ.**

2. **അപ്പീൽ അധികാരി&
ഡയറക്ടർ ജനറൽ,
കില, മുളങ്കുന്നത്തുകാവ് പി.ഒ.,
തൃശ്ശൂർ.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.11.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.12.2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26.12.2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 13.01.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 14.02.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 17.02.2020 |
| ഹിയറിംഗ് നടന്ന തീയതി | 14.12.2011, വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

**അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീ**

ലിനും ലഭിച്ച മറുപടി തൃപ്തികരല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 04.11.2019ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, അഹാഡ്സിനു വേണ്ടി **Assistant Director-Publicity & Awareness** എന്ന തസ്തിക സൃഷ്ടിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി നൽകണമെന്നും **AD-P&A** യുടെ നിയമനത്തിനായി **GB/PD/Senior officers** മീറ്റിംഗ്, എന്നിവ രുടെ തീരുമാനത്തിന്റെ പകർപ്പ് നൽകണമെന്നും മേൽ തസ്തിക സംവ രണ/പ്രത്യേക പരിഗണനാവിഭാഗത്തിനായി നീക്കിവച്ചിരുന്നതായിരുന്നോ യെന്നും ആയതിന്റെ പകർപ്പ് നൽകണമെന്നും 2007ൽ **AD-P&A** യുടെ നിയമനത്തിനായി മുഖ്യധാരാ പത്രങ്ങളിൽ വന്ന വിജ്ഞാപനത്തിന്റെ പകർപ്പുകൾ നൽകണമെന്നും തുടങ്ങി 28 ഇനങ്ങളിലായുള്ള വിവരങ്ങളാ ണ്. ആയതിന് 06.12.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യം നമ്പർ 1 മുതൽ 13വരെയും 15,18,20,22,23 തുടങ്ങി ചോദ്യം നമ്പർ 25 മുതൽ 28വരെയും മറുപടി നൽകാൻ സാധിക്കുന്നില്ലെന്നും കാരണം മുൻ അഹാഡ്സ് സി.സി.പി.ആർ. എം. സ്ഥാപനത്തിലെ ജീവനക്കാരുടെ വിവരങ്ങളോ അവരുടെ സേവനവു മായി ബന്ധപ്പെട്ട ഫയലുകളോ കിലയ്ക്ക് കൈമാറി കിട്ടിയിട്ടില്ലെന്നും അതോടൊപ്പം പ്രസ്തുത കെട്ടിടത്തിൽ നിന്നും ലഭ്യമായ രേഖകൾ പരിശോ ധിച്ചെങ്കിലും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായിട്ടില്ലെന്നാണ് അറിയിച്ചത്. ക്രമനമ്പർ 14ന് പ്രസ്തുത കെട്ടിടത്തിൽ നിന്നും ലഭ്യമായ രേഖ കൾ പരിശോധിച്ചപ്പോൾ ഹർജിക്കാരൻ ആവശ്യപ്പെട്ട ചോദ്യം 14ന് സർക്കാർ ഉത്തരവ് ലഭ്യമല്ലെന്നും എന്നാൽ ആയതുമായി ബന്ധപ്പെട്ട സർക്കാരിന്റെ 31.03.2012ലെ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെ ന്നുമാണ്. ക്രമനമ്പർ 16ന് പ്രസ്തുത കെട്ടിടത്തിൽ നിന്നും ലഭ്യമായ രേഖ കൾ പരിശോധിച്ചപ്പോൾ ടിയാൻ ആവശ്യപ്പെട്ട ചോദ്യത്തിനുള്ള സർക്കാർ ഉത്തരവ് നമ്പർ **G.O.(Ms)No.201/2013/LSGD dated 01.06.2013**ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്. 17–ാം ഇനത്തിൽ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.57/2017/തസ്വഭവ തീയതി 16.03.2017ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നും ക്രമനമ്പർ 19&21 ന് 16.03.2017ലെ സർക്കാർ

ഉത്തരവ് പ്രകാരം ഉപാധികൾ ഇല്ലാതെയാണ് അഹാഡ്സ് സി.സി.പി.ആർ. എം. കിലയിൽ ലയിപ്പിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചത്. ക്രമനമ്പർ 24ന് മുൻ അഹാഡ്സ് ജീവനക്കാർക്ക് കിലയിൽ നിന്നും ശമ്പളം നൽകിയിട്ടില്ലെന്നാണ് അറിയിച്ചത്. ടി 13.01.2020ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരൻ സമർപ്പിച്ച 04.11.2019ലെ അപേക്ഷയ്ക്ക് കിലയിൽ നിന്നും ലഭ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി 06.12.2019ൽ എസ്.പി.ഐ.ഒ. മറുപടി നൽകിയിട്ടുണ്ടെന്നും 16.03.2017ലെ സർക്കാർ ഉത്തരവു പ്രകാരം അഹാഡ്സ് സി.സി.പി.ആർ.എം.നെ ഡിസോൾവ് ചെയ്ത് ഉപാധികളില്ലാതെയാണ് കിലയിൽ ലയിപ്പിച്ച് ഉത്തരവായിട്ടുള്ളതെന്നും കൂടാതെ മുൻ അഹാഡ്സ് ജീവനക്കാരുടെ സേവനവുമായി ബന്ധപ്പെട്ട ഫയലുകൾ കിലക്ക് കൈമാറിയിട്ടില്ലെന്നും വിശദീകരണം നൽകുക എന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ അത്തരം ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതില്ലെന്നും കിലയിലെ എസ്.പി. ഐ.ഒ. നൽകിയ മറുപടിയിൽ കൂടുതൽ വിവരങ്ങൾ നിലവിൽ കിലയിൽ ലഭ്യമല്ലെന്നുമാണ് അറിയിച്ചത്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് ലഭ്യമായ വിവരങ്ങൾ നൽകിയതായി കാണുന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2023 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/